13618
3/9/16

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച അധിക ചുമതലകൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു,

---

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.12) വകുപ്പ്**

സ.ഉ. (അച്ചടി) **20**/2016/ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി *:22/08/2016.*

---

പരാമർശം :- (1) 26.05.2010-ലെ സ.ഉ.(അച്ചടി)നമ്പർ. 19/2010/ഉ.ഭ.പ.വ.നമ്പർ ഉത്തരവ്.
(2) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാറുടെ 1/8/2013, 02/05/2015 എന്നീ തീയതികളിലെ 791/2013/കെ.എ.റ്റി നമ്പർ കത്തുകൾ.

**ഉത്തരവ്**

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച അധിക ചുമതലകൾ വ്യവസ്ഥ ചെയ്യുന്നതിനുള്ള 2016-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്തുകൊണ്ടും ഇതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്നതിന് നിയമ വകുപ്പിനെ ചുമതലപ്പെടുത്തികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സത്യജീത്ത് രാജൻ,**
**പ്രിൻസിപ്പൽ സെക്രട്ടറി.**

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം
ഡെപ്യൂട്ടി രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ,എറണാകുളം.
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ)വകുപ്പ്.
നിയമ വകുപ്പ് (2469/leg/B1/2016/Law പ്രകാരം)
ധനകാര്യപൊതുഭരണ(എസ്.സി)വകുപ്പ്-19/8/2016 ലെ മന്ത്രിസഭായോഗത്തിന്റെ ഇനം നം.199 പ്രകാരം).യ വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

12218/AR12(2)/2015 Law Leg (B)

35/189

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 19-08-2016.

ഇനം നം: 199

ഫയൽ നം.12218/എ.ആർ.12(2)/2015/ഉ.ഭ.പ.വ.

വിഷയം : ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ കീഴിലുള്ള സർവീസുകളെ സംബന്ധിച്ച ചുമതലകൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള അംഗീകാരം.

തീരുമാനം : (56) കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു. ഇക്കാര്യത്തിൽ കരട് ബില്ല് തയ്യാറാക്കി മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുവാൻ നിയമ വകുപ്പിനെ ചുമതലപ്പെടുത്തുവാനും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്.

കേരള സർക്കാർ

(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | 12218/എ.ആർ.12(2)/2015/ഉ.ഭ.പ.വ. |
| 2 | വകുപ്പ് | : | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.12) വകുപ്പ്. |
| 3 | വിഷയം | : | കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച ചുമതലകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള അംഗീകാരം സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 19.07.2016. |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | അല്ല.<br>ബാധകമല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്.<br>ഉണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ഗീത.കെ. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സത്യജീത് രാജൻ. |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01. 08. 2016. |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. എസ്.എം.വിജയാനന്ദ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01. 08. 2016. |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ (ബഹു.മുഖ്യമന്ത്രി) |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 10. 08. 2016. |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 12. 08. 2016. |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും, തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച ചുമതലകൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ നിർവഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള 2016-ലെ കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) നിയമനിർമ്മാണം നടത്തുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാർ ലഭ്യമാക്കിയ കരട് റൂൾസ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ-എ) വകുപ്പിലേയ്ക്ക് നൽകിയപ്പോൾ ലഭിച്ച മറുപടി ചുവടെ ചേർത്തിരിക്കുന്നു.

*"The draft rules is seen by this Department Administrative Department may verify the content of the draft rules and satisfy themselves that it is sufficient to meet their requirements and the posts included in the draft rules are the sanctioned posts. Administrative Department may take steps to formulate KPSC(Additional Functions as respects the Kerala Administrative Tribunal) Act and Rules in consultation with P&AR (Rules) Department in order to entrust the appointment to various posts in the Kerala Administrative Tribunal to the Kerala Public Service Commission".*

3.ഈ വിഷയത്തിൽ (ഉപദേശ-സി) വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ടി വകുപ്പ് ഇപ്രകാരം ഉപദേശം നൽകുകയുണ്ടായി.

*"1970-ലെ Kerala Public Service Commission (Additional Functions as Respects Certain Corporations and Companies)Act, 1971-ലെ Kerala Public Service Commission (Consultation by Corporations and Companies) Rules* എന്നിവ സംബന്ധിച്ച വിഷയമാണ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശ.സി) വകുപ്പിൽ കൈകാര്യം ചെയ്യുന്നത്. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ എന്ന സ്ഥാപനം മേൽപ്പറഞ്ഞ ആക്ടിന്റെയും റൂളിന്റെയും പരിധിയിൽ വരുന്നതല്ല. ആയതിനാൽ പ്രസ്തുത സ്ഥാപനത്തിലെ നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരുന്നതിനായി ഭരണ വകുപ്പ് തയ്യാറാക്കിയിട്ടുള്ള കരട് ആക്ടും റൂളും സംബന്ധിച്ച് നിയമവകുപ്പിന്റെ അഭിപ്രായം തേടേണ്ടതാണെന്ന വിവരം അറിയിക്കുന്നു"

4.ഈ വിഷയത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കും പ്രകാരമാണ്:

"കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ എന്ന സ്ഥാപനം 1970-ലെ *Kerala Public Service Commission (Additonal Functions as respects certain Corporations and Companies) Act, 1970, Kerala Public Service Commission (Consultation by Corporations and Companies) Rules, 1971* എന്നിവയുടെ പരിധിയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വരുന്നില്ല എന്നതിനാലാണ് ഭരണവകുപ്പ് തയ്യാറാക്കിയിട്ടുള്ള കരട് ആക്റ്റും റൂളും സംബന്ധിച്ച് ഈ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുള്ളത്.

മേൽപറഞ്ഞ ആക്റ്റിന്റെയും ചട്ടത്തിന്റെയും കീഴിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ സ്റ്റാഫിന്റെ നിയമനം നടത്താൻ കഴിയാത്തതിനാലാണ് *Kerala Public Service Commission (Additional Functions with respect to the services under the Kerala Administrative Tribunal) Act, 2014* എന്ന ഒരു പുതിയ ആക്റ്റ് ഈ ആവശ്യത്തിനായി കൊണ്ടുവരുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നത്. അപ്രകാരമൊരു പുതിയ ആക്റ്റ് കൊണ്ടുവന്ന് അതിൻ കീഴിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ നിയമനങ്ങൾ നടത്തുന്നതിൽ നിയമതടസ്സമില്ല. പ്രസ്തുത നിയമനിർമ്മാണത്തിനായി റൂൾസ് ഓഫ് ബിസിനസ്സിന്റെ 44 മുതൽ 53 വരെ ഖണ്ഡികകളിലെയും നിയമവകുപ്പ് മാന്വലിലെ *III*-ാം അദ്ധ്യായത്തിലെയും വ്യവസ്ഥകൾ പ്രകാരമുള്ള നടപടിക്രമം പാലിച്ചുകൊണ്ട് ഫയൽ ഈ വകുപ്പിലേയ്ക്ക് അയയ്ക്കേണ്ടതാണ്. ആക്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം അതിൻ കീഴിലുള്ള ചട്ടങ്ങൾ തയ്യാറാക്കിയാൽ മതിയാകുന്നതാണ്".

5. അതിനാൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച ചുമതലകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനായി നിയമവകുപ്പുമായി ആലോചിച്ച് ഒരു നിയമം നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചു.

6. നിയമവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു :-

"നിർദ്ദിഷ്ട നിയമ നിർമ്മാണം സംബന്ധിച്ച വിഷയം മുഖ്യമായും ഭാരതത്തിന്റെ ഭരണഘടനയുടെ 7-ാം പട്ടികയിലെ ലിസ്റ്റ്-*II* സംസ്ഥാന ലിസ്റ്റിലെ 41-ാം ഉൾക്കുറിപ്പിലും ലിസ്റ്റ്-*III* സമവർത്തി ലിസ്റ്റിലെ 11-ാം ഉൾക്കുറിപ്പിലും ഉൾപ്പെടുന്നു, അതായത്:-

“** ** ** **

ലിസ്റ്റ് II - സംസ്ഥാന ലിസ്റ്റ്

** ** ** **

41. സംസ്ഥാന പബ്ലിക് സർവ്വീസുകൾ; സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ.

** ** ** **

ലിസ്റ്റ് III – സമവർത്തി ലിസ്റ്റ്

** ** ** **

11 ക. നീതിന്യായ നടത്തിപ്പ് ; സുപ്രീം കോടതിയും ഹൈക്കോടതികളും ഒഴികെയുള്ള എല്ലാ കോടതികളുടെയും സംവിധാനവും വ്യവസ്ഥപ്പെടുത്തലും

** ** ** **

ആകയാൽ സംസ്ഥാന നിയമസഭയ്ക്ക് ഈ വിഷയത്തെ സംബന്ധിച്ച് നിയമനിർമ്മാണം നടത്തുവാൻ അധികാരമുണ്ട്.

നിർദ്ദിഷ്ട വ്യവസ്ഥകൾ അടങ്ങിയ ഒരു ബിൽ ഭാരതത്തിന്റെ ഭരണഘടനയിലെ വ്യവസ്ഥകൾക്ക്, പ്രത്യേകിച്ച്, മൗലികാവകാശങ്ങളെ സംബന്ധിച്ച വ്യവസ്ഥകൾക്ക് വിരുദ്ധമാകുന്നതല്ല. ഇതു സംബന്ധിച്ച് ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിന് രാഷ്ട്രപതിയുടെ മുൻകൂട്ടിയുള്ള അനുമതി വാങ്ങേണ്ട ആവശ്യമില്ല.

നിർദ്ദിഷ്ട ഭേദഗതി വ്യവസ്ഥകൾ അടങ്ങിയ ഒരു ബിൽ സമവർത്തി ലിസ്റ്റിൽ എണ്ണിപ്പറഞ്ഞിട്ടുള്ള വിഷയങ്ങളിൽ ഒന്നിനെ സംബന്ധിച്ച് പാർലമെന്റ് മുമ്പ് ഉണ്ടാക്കിയിട്ടുള്ള ഒരു നിയമത്തിലെയോ ആ വിഷയം സംബന്ധിച്ച് നിലവിലുള്ള ഒരു നിയമത്തിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമാകുന്നതല്ല. ആയതിനാൽ ഇതു സംബന്ധിച്ച ബിൽ നിയമമാക്കിയാൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി നീക്കി വയ്ക്കുകയും അദ്ദേഹത്തിന്റെ അനുമതി വാങ്ങുകയും ചെയ്യേണ്ട ആവശ്യമില്ല.

കരട് ബില്ലിന് മന്ത്രിസഭയുടെ അംഗീകാരം വാങ്ങിയതിനു ശേഷം ഉദ്ദേശ്യകാരണങ്ങളുടെ വിവരണം, ധനകാര്യ മെമ്മോറാണ്ടം, ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം എന്നിവ സഹിതം ഫയൽ തുടർനടപടികൾക്കായി എത്രയും വേഗം അയച്ചുതരുവാൻ ഭരണവകുപ്പിനോടാവശ്യപ്പെടാവുന്നതാണ്”.

7. ഇതിനോടൊപ്പം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബില്ലിന്റെ കരട് തയ്യാറാക്കി ഭരണ വകുപ്പിന്റെ പരിഗണനയ്ക്കായി നൽകിയിരുന്നു.

8. ഇതിനിടെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ നിയമന നടപടികൾ ത്വരിതഗതിയിൽ നടത്തേണ്ടതിന്റെ ആവശ്യകത അറിയിച്ചുകൊണ്ട്കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാറുടെ കത്ത് ലഭിച്ചതിനെ തുടർന്ന് നിയമവകുപ്പിന്റെ അഭിപ്രായം ഒരിക്കൽ കൂടി ആരായുകയുണ്ടായി.

*"നിർദ്ദിഷ്ട നിയമ നിർമ്മാണം സംബന്ധിച്ച വിഷയം മുഖ്യമായും ഭാരതത്തിന്റെ ഭരണഘടനയുടെ 7-ാം പട്ടികയിലെ ലിസ്റ്റ്-II സംസ്ഥാന ലിസ്റ്റിലെ 41-ാം ഉൾക്കുറിപ്പിലും ലിസ്റ്റ്-III സമവർത്തി ലിസ്റ്റിലെ 11 ക-ാം ഉൾക്കുറിപ്പിലും ഉൾപ്പെടുന്നു, അതായത്:-*

"** ** ** **

*ലിസ്റ്റ് II - സംസ്ഥാന ലിസ്റ്റ്*

** ** ** **

41. സംസ്ഥാന പബ്ലിക് സർവ്വീസുകൾ, സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ.

** ** ** **

*ലിസ്റ്റ് III – സമവർത്തി ലിസ്റ്റ്*

** ** ** **

*11 ക. നീതിന്യായ നടത്തിപ്പ്; സുപ്രീം കോടതിയും ഹൈക്കോടതികളും ഒഴികെയുള്ള എല്ലാ കോടതികളുടെയും സംവിധാനവും വ്യവസ്ഥപ്പെടുത്തലും*

** ** ** ** "

ആകയാൽ പ്രസ്തുത വിഷയം സംബന്ധിച്ച് നിയമനിർമ്മാണം നടത്തുവാൻ സംസ്ഥാന നിയമസഭയ്ക്കും ഓർഡിനൻസ് പുറപ്പെടുവിക്കുവാൻ ഗവർണ്ണർക്കും അധികാരം ഉണ്ട്.

കരട് ഓർഡിനൻസിലെ വ്യവസ്ഥകൾ ഭാരതത്തിന്റെ ഭരണഘടനയുടെ വ്യവസ്ഥകൾക്ക്, പ്രത്യേകിച്ച് മൗലികാവകാശങ്ങളെ സംബന്ധിച്ച വ്യവസ്ഥകൾക്ക് വിരുദ്ധമാകുന്നതല്ല. നിർദ്ദിഷ്ട നിയമ നിർമ്മാണ വ്യവസ്ഥകൾ, സമവർത്തി ലിസ്റ്റിൽ എണ്ണിപ്പറഞ്ഞിട്ടുള്ള ഏതെങ്കിലും വിഷയങ്ങളിൽ ഒന്നിനെ സംബന്ധിച്ച് പാർലമെന്റ് മുൻപ്

ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും നിയമത്തിലെയോ ആ വിഷയം സംബന്ധിച്ച് നിലവിലുള്ള ഏതെങ്കിലും നിയമത്തിലെയോ വ്യവസ്ഥകൾക്ക് വിരുദ്ധമാകുന്നതല്ല. ആയതിനാൽ ഇപ്രകാരമൊരു ഓർഡിനൻസ് വിളംബരപ്പെടുത്തുന്നതിന് രാഷ്ട്രപതിയുടെ മുൻകൂർ അനുമതിയോ ശുപാർശയോ ആവശ്യമില്ല.

കരട് ഓർഡിനൻസിന് മന്ത്രിസഭയുടെ അംഗീകാരം നേടിയതിനുശേഷം ഓർഡിനൻസ് വിളംബരപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട ഗവർണ്ണറോട് ശുപാർശ ചെയ്യുന്നതിനുള്ള മന്ത്രിസഭായോഗ തീരുമാനം സഹിതം തുടർനടപടികൾക്കായി ഫയൽ ഈ വകുപ്പിലേയ്ക്ക് മടക്കി നൽകുവാൻ ഭരണ വകുപ്പിനോട് ആവശ്യപ്പെടാവുന്നതാണ്" .

9. ഈ അഭിപ്രായത്തിന്റെ വെളിച്ചത്തിൽ ടി ഓർഡിനൻസ് അംഗീകരിക്കുന്നതിനും വിളംബരം ചെയ്യുവാൻ അന്നത്തെ ബഹു. ഗവർണ്ണറോട് ശുപാർശ ചെയ്യുന്നതിനുമായി മന്ത്രിസഭായോഗത്തിനു മുമ്പാകെ സമർപ്പിക്കുവാൻ അന്നത്തെ മുഖ്യമന്ത്രി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 06.11.2015-ൽ കൂടിയ മന്ത്രിസഭായോഗത്തിൽ കേരള അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണലിന്റെ കീഴിലുള്ള സർവീസുകളെ സംബന്ധിച്ച ചുമതലകൾ കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ നിർവഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള ഓർഡിനൻസ് സമർപ്പിക്കുകയുണ്ടായി. എങ്കിലും പ്രസ്തുത വിഷയം 'പിൻവലിച്ചു' എന്ന തീരുമാനമെടുക്കുകയാണുണ്ടായത്.

10. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച ചുമതലകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള കരട് ഓർഡിനൻസ് 06.11.2015-ൽ കൂടിയ മന്ത്രിസഭാ യോഗം പിൻവലിച്ച സാഹചര്യത്തിൽ പ്രസ്തുത വിഷയം ബിൽ ആയി അടുത്ത നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കാമെന്ന നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 2016-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) നിയമനിർമ്മാണം നടത്തുന്നതിലേയ്ക്കായി കരട് ബിൽ 09.03.2016-ലെ മന്ത്രിസഭായോഗത്തിന് മുൻപാകെ സമർപ്പിക്കുകയുണ്ടായി എങ്കിലും ആയതും പിൻവലിക്കുകയുണ്ടായി.

11. പുതിയ മന്ത്രിസഭ നിലവിൽ വന്ന സാഹചര്യത്തിൽ നിയമവകുപ്പ് അഭിപ്രായപ്പെട്ടതു പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച അധിക ചുമതലകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള നിയമം നടപ്പിൽ വരുത്താമോ എന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി.

## തീരുമാനിക്കേണ്ട വിഷയം

കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച അധിക ചുമതലകൾ വ്യവസ്ഥ ചെയ്യുന്നതിനുള്ള 2016-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള നിയമം നടപ്പിൽ വരുത്താമോ ?